"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- അങ്കണവാടികളിൽ ഉപയോഗത്തിലിരിക്കുന്ന വെയിംഗ് സ്കെയിലുകളുടെ സീലിംഗിനും സർവ്വീസിംഗിനുമായി 2022-23 സാമ്പത്തിക വർഷം ചെലവഴിച്ച തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.157/2024/WCDD തീയതി,തിരുവനന്തപുരം, 03-05-2024

---

പരാമർശം:- 1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 17.04.2024 ലെ DWCD/1950/2023-ICDSA1 നമ്പർ കത്ത്

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ കുട്ടികളുടെ വളർച്ച നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള അളവു തൂക്ക ഉപകരണങ്ങൾ എല്ലാ വർഷവും ലീഗൽ മെട്രോളജി മുഖാന്തിരം സീലിംഗ് , സർവ്വീസിംഗ് എന്നിവ ചെയ്ത് വരുന്നു . 2022-23 വർഷം വെയിംഗ് സ്കെയിലുകളുടെ സീലിംഗിനായി ലീഗൽ മെട്രോളജി വകുപ്പ് ഈടാക്കിയ ഫീസിനായി ചെലവഴിച്ചിട്ടുള്ള തുക അനുവദിക്കുന്നതിനായി പ്രോഗ്രാം ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്. അനുവദിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| SL No. | District | Sealing Charge | Servicing charge | Total |
|---|---|---|---|---|
| 1 | Thiruvananthapuram | 512410 | 306185 | 818595 |
| 2 | Kollam | 268550 | 169350 | 437900 |
| 3 | Pathanamthitta | 122045 | 22775 | 144820 |
| 4 | Alappuzha | 222730 | 70685 | 293415 |
| 5 | Idukki | 100435 | 28520 | 128955 |
| 6 | Ernakulam | 120090 | 23600 | 143690 |
| 7 | Thrissur | 148820 | 57048 | 205868 |
| 8 | Palakkad | 451390 | 43600 | 494990 |
| 9 | Malappuram | 358375 | 34275 | 392650 |
| 10 | Kozhikkode | 383760 | 78760 | 462520 |
| 11 | Wayanad | 64740 | 23010 | 87750 |
| 12 | Kannur | 148285 | 58855 | 207140 |
| 13 | Kasargod | 94585 | 11020 | 105605 |
| | Total | 2996215 | 927683 | 3923898 |

(2) ജില്ലകളിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം അങ്കണവാടികളിലെ വെയിംഗ്

സ്കെയിലുകൾ 2022-23 സാമ്പത്തിക വർഷം ലീഗൽ മെട്രോളജി മുഖാന്തിരം സീലിംഗ്/സർവ്വീസിംഗ് ചെയ്ത വകയിൽ സീലിംഗിനായി 29,96,215/- രൂപയും, സർ വ്വീസിംഗിനായി 9,27,683/- രൂപയും ചേർത്ത് 39,23,898/- രൂപ (മുപ്പത്തിയൊൻപത് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) 2024-25 സാമ്പത്തിക വർഷം 2235-02-102-56 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 950 ലക്ഷം രൂപയിൽ നിന്നും ICDS പ്രവർത്തനത്തിന് അധിക സഹായം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം അങ്കണവാടികളിലെ വെയിംഗ് സ്കെയിലുകളുടെ സീലിംഗ്, സർവ്വീസിംഗ് എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ള 39,23,898/- (മുപ്പത്തിയൊൻപത് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷം അങ്കണവാടികളിലെ വെയിംഗ് സ്കെയിലുകളുടെ സീലിംഗ്, സർവ്വീസിംഗ് എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ള 39,23,898/- (മുപ്പത്തിയൊൻപത് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപ ICDS പ്രവർത്തനത്തിന് അധിക സഹായം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 04-05-2024 11:05:17

സെക്ഷൻ ഓഫീസർ